# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൊൻമള ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ എംപിഎം .16/1194/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊൻമള ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ എംപിഎം .16/1194/2022 തീയ്യതി: 06/06/2022

## മലപ്പുറം ജില്ലയിലെ പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2021 മുതൽ 08-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 18-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 18-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി, ഓഡിറ്റ് ഓഫീസർ

ശ്രീ അബ്ദുൾ ഗഫൂർ സി , അസി. ഓഡിറ്റ് ഓഫീസർ

ശ്രീ മുഹമ്മദ് സിയാദ് പി.പി , അസി. ഓഡിറ്റ് ഓഫീസർ

ശ്രീ ഷജീർ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ (13.05.2022 മുതൽ 18.05.2022 വരെ)

ശ്രീ ഇദ്രീസ് അബ്ദുള്ള എ.സി ഓഡിറ്റർ (09.05.2022 മുതൽ 16.05.2022 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മൊയ്തീൻ കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 21-12-2020 |
| ശ്രീമതി. ജസീന മജീദ് | പ്രസിഡന്റ് | 22-12-2020 | 31-03-2021 |
| ശ്രീ. നീരജ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 02-04-2020 |
| ശ്രീ. ചെറിയാൻ ജോർജ് | സെക്രട്ടറി | 03-04-2020 | 18-01-2021 |
| ശ്രീ. നീരജ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-01-2021 | 03-02-2021 |
| ശ്രീ. ചെറിയാൻ ജോർജ് | സെക്രട്ടറി | 04-02-2021 | 02-03-2021 |
| ശ്രീ. നീരജ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേന്ദ്രൻ. കെ.ടി | വി.ഇ.ഒ(പൊന്മള സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീ. സുബിൻ എം ആന്റെണി | വി.ഇ.ഒ(ചേങ്ങോട്ടൂർ) സർക്കിൾ) | 13-10-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു. അശോകൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 03-11-2020 |
| ശ്രീമതി. റാണി കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 04-11-2020 | 31-03-2021 |
| ശ്രീ. അബ്ദുസ്സലാം ആലങ്ങാടൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. നിഗാർ കാസിം | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)) | 01-04-2020 | 31-01-2021 |
| ഡോ. ഷമീർ കെ.പി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)) | 01-02-2021 | 31-03-2021 |
| ഡോ. വന്ദന ബി.ജെ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. നവാസ്.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 05-02-2021 |
| ഡോ. സീമ .പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 06-02-2021 | 31-03-2021 |
| ഡോ. ബിന്ദു ബാലകൃഷ്ണ പിള്ള | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. നവ്യ എ.പി | അസി.എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ശ്രീമതി. അഖില പി.എസ് | അസി.എഞ്ചിനീയർ | 01-07-2020 | 19-08-2020 |
| ശ്രീമതി. മിനി മോൾ എൻ | അസി.എഞ്ചിനീയർ | 20-08-2020 | 19-10-2020 |
| ശ്രീമതി. സജ്ന എം.എസ് | അസി.എഞ്ചിനീയർ | 20-10-2020 | 31-03-2021 |
| ശ്രീ. ഉമ്മർ എം.ടി | ഹെഡ്മാസ്റ്റർ | 01-04-2020 | 19-06-2020 |
| ശ്രീ. മുഹമ്മദ് അബ്ദുൾ ജലീൽ കെ.ടി | ഹെഡ്മാസ്റ്റർ | 20-06-2020 | 05-03-2021 |
| ശ്രീമതി. ലീന ജോർജ് | ഹെഡ്മിസ്ട്രസ്സ് | 06-03-2021 | 31-03-2021 |
| ശ്രീ. നീരജ് കെ | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഒഴിവ് | വി.ഇ.ഒ (ചോങ്ങോട്ടൂർ സർക്കിൾ) | 01-04-2020 | 12-10-2020 |
| ശ്രീമതി. ഗ്രേസി കെ.സി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-11 |
| 13 | മതിയായ ലോഡിങ്,അൺ ലോഡിങ് ഏരിയ ഇല്ലാതെ കെട്ടിടത്തിന് നമ്പർ അനുവദിച്ചു<br>Written By: Idrees Abdulla A.C. (Auditor, On 16-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-12 |
| 14 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല<br>Written By: Idrees Abdulla A.C. (Auditor, On 16-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-13 |
| 15 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് നിർവ്വഹണം -കൺവീനർമാർക്ക് അധിക തുക നൽകി.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 17-05-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 1-14 |
| 16 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോമ്പൗണ്ട് വാൾ,ഗേറ്റ് എന്നിവ നവീകരണം - GST അധികം നൽകി | 1-15 |

| | | |
|---|---|---|
| | Written By: Abdul.Gafoor.C (Asst. Audit Officer, On 17-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | |
| 17 | IKM വിഹിതം:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 17-05-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 1-16 |
| 18 | ലൈബ്രറി സെസ്:രശീതി ലഭ്യമാക്കേണ്ടതാണ്<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 17-05-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 1-17 |
| 19 | ജി.എസ്.ടി-ടി.ഡി.എസ് കുറവ് വരുത്തിയില്ല<br>Written By: Prasad (Audit Officer, On 16-05-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 1-18 |
| 20 | കപട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല<br>Written By: Prasad (Audit Officer, On 17-05-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 1-18-1 |
| 21 | അഥിതി തൊഴിലാളികൾക്ക് ഭക്ഷണം:തുക തനത് ഫണ്ടിലേക്ക് റീക്കുപ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 17-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-19 |
| 22 | കമ്പ്യൂട്ടർ വാങ്ങൽ- തുക അധികം നൽകി<br>Written By: Idrees Abdulla A.C. (Auditor, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 1-20 |
| 23 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Idrees Abdulla A.C. (Auditor, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് നിർവ്വഹണം -കൺവീനർമാർക്ക് അധിക തുക നൽകി.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 17-05-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 3-1 |
| 2 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോമ്പൗണ്ട് വാൾ,ഗേറ്റ് എന്നിവ നവീകരണം GST അധികം നൽകി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 17-05-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 15-05-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം നം-1(1) തീയതി-09.03.2020 | തീരുമാനം നം-9(1) തീയതി-09.02.2021 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 02.06.2021 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3010559 |
| വരവ് | 76935957 |
| ആകെ | 107246516 |
| ചെലവ് | 70246842 |
| നീക്കിയിരിപ്പ് | 36999674 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11999000 | 11999000 | 11951059 | 47941 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3343000 | 3343000 | 2807574 | 535426 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 19520000 | 19520000 | 15675478 | 3844522 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4303033 | 4303033 | 2880239 | 1422794 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 11812716 | 11812716 | 7946671 | 3866045 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 5830000 | 5830000 | 1935096 | 3894904 |
| ബി ഫണ്ട് | 0 | 57157060 | 57157060 | 57157060 | 0 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) ചെലവ് 13265059/-രൂപയാണ് എന്നാൽ എ.സി.ആർ. പ്രകാരം 11951059/-രൂപയാണ്. (ജി.ഒ. പ്രൊജക്റ്റ് പ്രകാരം ഡിഡക്റ്റ് ചെയ്ത തുക 1314000/- രൂപ)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 70151954 | 175 | 57398583 | 0 | 38 | 82% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 92068 | 815868 | 907936 | 882532 | 25404 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9987757 | 9987757 | 9987757 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 92068 | 10803625 | 10895693 | 10870289 | 25404 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16560 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 1835600 | 119 |
| വിധവാപെൻഷൻ | 18921500 | 1268 |
| വാർദ്ധക്യകാലപെൻഷൻ | 28854300 | 2013 |
| വികലാംഗപെൻഷൻ | 6460000 | 422 |
| വിവാഹ ധനസഹായം | 450000 | 15 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 619100 | 45 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.05.2022 ന് 10.15 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10278/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തികളുടെയും സ്റ്റോക്കിന്റെയും ഭൗതിക പരിശോധന നടത്തി കാലികമാക്കിയിട്ടില്ല.
2.മാസ്റ്റർ ഇൻകൃമ്പൻസി രജിസ്റ്റർ എല്ലാ ജീവനക്കാരുടെയും നിർവഹണ ഉദ്യോഗസ്ഥരുടെയും സേവന കാലയളവ്, മേൽവിലാസം ഉൾപ്പെടെയുള്ള പ്രസക്തമായ മുഴുവൻ വിവരങ്ങളും ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല
3. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാവുന്നില്ല. യഥാസമയം യോഗം ചേരുന്നുണ്ടെങ്കിലും ക്രിയാത്മക നിർദ്ദേശങ്ങൾ സ്റ്റാന്റിംങ് കമ്മിറ്റികൾക്ക് സമർപ്പിക്കുന്നതായി കാണുന്നില്ല. ചില വർക്കിംഗ് ഗ്രൂപ്പ്, തീരുമാനങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല. ഉദാ:- കുടിവെള്ളം, ശുചിത്വം, ദാരിദ്ര്യ ലഘൂകരണം, പൊതുഭരണം, ധനകാര്യം, കൃഷി.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.04.2022 | 01.02.2022 മുതൽ 31.03.2022 വരെ | 27.04.2022 |
| എ.ജി ഓഡിറ്റ് | 06.09.2016 മുതൽ 29.09.2016 വരെ | 2011-12 മുതൽ 2015-16 വരെ | 16.11.2016 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. Contractors Retention ഇനത്തിൽ സ്വീകരിച്ച/തിരിച്ച് നൽകിയ ഡെപ്പോസിറ്റ് തുക 28877/-രൂപ വാർഷികകണക്കിൽ പ്രതിഫലിച്ചിട്ടില്ല.

2. വാർഷികകണക്ക് പ്രകാരം അഡ്വാൻസ് ഇനത്തിൽ 1161867/- രൂപ ബാലൻസുണ്ട്. എന്നാൽ രജിസ്റ്ററിൽ ആയതിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

3. വാർഷികകണക്ക് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 2424/- രൂപ വരവുണ്ട് . എന്നാൽ ഇത് സംബന്ധിച്ച്

രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. തൊഴിലുറപ്പ് പദ്ധതി ബാങ്ക് ചാർജ് ഇനത്തിൽ ചെലവുള്ള 29/-രൂപ വാർഷികകണക്കിൽ കാണിച്ചിട്ടില്ല.

5. വസ്തു നികുതി Current Demand, Current Collection എന്നിവ വാർഷികകണക്ക്, സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷികകണക്ക് പ്രകാരം | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|
| Current Demand | 4900366 രൂപ | 4904320രൂപ | 3954 രൂപ |
| Current Collection | 4424942 രൂപ | 4359413 രൂപ | 65529 രൂപ |

6. ലൈസൻസ് ബിലേറ്റഡ് ഫീ- കളക്ഷൻ വാർഷിക കണക്ക് പ്രകാരം 12065 രൂപയും രജിസ്റ്റർ പ്രകാരം 12190 രൂപയുമാണ്.

7. എല്ലാ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-12 മതിയായ ലോഡിങ്,അൺ ലോഡിങ് ഏരിയ ഇല്ലാതെ കെട്ടിടത്തിന് നമ്പർ അനുവദിച്ചു

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 38 (6) പ്രകാരം 700 ച.മീറ്ററിൽ അധികം തറ വിസ്തീർണ്ണമുള്ള വാണിജ്യ/കച്ചവട വിനിയോഗ തരത്തിലുള്ള കെട്ടിടങ്ങൾക്ക് നിർദ്ദിഷ്ട പാർക്കിങ് സ്ഥലത്തിന് പുറമേ (ആകെ തറ വിസ്തീർണ്ണം 700 ച.മീറ്റർ കവിഞ്ഞുള്ള ഓരോ 1000 ച.മീറ്ററിനും 30 ച.മീറ്റർ) കയറ്റിറക്ക് സ്ഥലവും ഒരുക്കേണ്ടതാണ്.

ശ്രീ. ഹംസ തച്ചംകോടൻ(വീട്), പൊന്മള എന്നവരുടെ ഉടമസ്ഥതയിൽ ഉള്ള ഗ്രാമ പഞ്ചായത്ത് വസ്തു നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ നൽകിയിട്ടുള്ള കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ ആവശ്യമായ കയറ്റ്, ഇറക്ക് സ്ഥലം ഏർപ്പെടുത്തിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷ നമ്പർ | A4-2953/24.07.2020 |
| പെർമിറ്റ് നമ്പർ | A4-6221/27.02.2020 |
| തറ വിസ്തീർണം | 998.24 ച.മീറ്റർ |
| കയറ്റിറക്ക് സ്ഥലത്തിന് ആവശ്യമായ വിസ്തീർണം | 30 ച.മീറ്റർ |
| കയറ്റിറക്ക് സ്ഥലത്തിന് നൽകിയ വിസ്തീർണം | 18.69 ച.മീറ്റർ |

ആവശ്യമായ കയറ്റിറക്ക് സ്ഥലം ഒരുക്കാതെ കെട്ടിടത്തിന് നമ്പർ നൽകിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ.06/2020-21, തിയ്യതി-13.05.2022)ക്ക് അസി.എൻജിനിയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് നമ്പർ അനുവദിച്ചത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കംപ്ലീഷൻ പ്ലാനിനിൽ 18.69 ച.മീറ്റർ സ്ഥലം മാത്രമാണ് കയറ്റിറക്ക് ആവശ്യത്തിനായി നൽകിയിട്ടുള്ളത്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല

താഴെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ മൂന്ന് വർഷത്തിലധികമായതിനാൽ കേരള ഫിനാൻസ് കോഡ് Article 56 (B) പ്രകാരം കാലഹരണപ്പെട്ടിട്ടുള്ളതാണ്. ആയവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതായിരുന്നു. എന്നാൽ താഴെ കാണിച്ചിട്ടുള്ള കാലഹരണപ്പെട്ട ഫണ്ടുകൾ നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

| ഡെപ്പോസിറ്റ് | ആകെ തുക |
|---|---|
| Contractors- EMD | 18050 |
| Suppliers EMD | 14050 |
| Bidders EMD | 10000 |
| Contractors Security Deposit | 35396 |
| Suppliers Security Deposit | 2590 |

| | |
|---|---|
| Bidders Security Deposit | 150000 |
| ആകെ | 230086 |

കാലഹരണപ്പെട്ട ഫണ്ടുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നമ്പർ.07/2020-21 തിയ്യതി -13.05.2022)

## 1-14 ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് നിർവ്വഹണം -കൺവീനർമാർക്ക് അധിക തുക നൽകി.

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകിയപ്പോൾ ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 5% തുക കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് വഴി ഗ്രാമ പഞ്ചായത്തിന് 66781 രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികമായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ് ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്. ഇത്തരത്തിൽ ഗുണഭോക്തൃ സമിതിക്ക് അന്യായമായി തുക അനുവദിക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 5% തുക ഒഴിവാക്കിയാണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17 /സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. ഈ ഇനത്തിൽ അധികം നൽകിയ തുക ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്ന് ഈടാക്കിയതായി കാണുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | ബാക്കി |
|---|---|---|---|---|
| ചാപ്പനങ്ങാടി GMLPS -Toilet നിർമ്മാണം (207/21)<br>ബിൽ നം.101/28.3.21<br>തുക 449870<br>അളവ് പുസ്തകം 125/19-20<br>കൺവീനർ ശ്രീമതി.സരിത സി.പി<br>ഫണ്ട് -ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>Cost Index 31.06% | 401670 | 20083 (5%) | 0 | 18682 |
| ചാപ്പനങ്ങാടി GMLPS ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ(120/21)<br>ബിൽ നം.61/15.2.21<br>തുക 298565<br>അളവ് പുസ്തകം 85/19-20<br>കൺവീനർ ശ്രീമതി.സരിത സി.പി<br>ഫണ്ട് -മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്)<br>Cost Index 31.06% | 266576 | 13328 (5%) | 0 | 12398 |
| അംഗൻവാടികൾക്ക് കുടിവെള്ള അനുബന്ധ സൗകര്യങ്ങൾ((236/21)<br>ബിൽ നം.50/12.11.20 | 767591 | 38380 (5%) | 0 | 35701 |

| | | | | |
|---|---|---|---|---|
| തുക 859702<br>അളവ് പുസ്തകം 81/19-20<br>കൺവീനർ ശ്രീമതി .ലതിക.കെ<br>ഫണ്ട് -ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>Cost Index 31.06% | | | | |

തുക ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 5/13.5.22 ന് IT 2% വും Kcwwf 1% GST ഇനത്തിൽ 2% പിടിച്ചിട്ടുണ്ടെന്നും GST മുഴുവൻ തുകയും അടവാക്കിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുൻപുള്ള DSR പ്രകാരമുള്ള എസ്റ്റിമേറ്റുകളിൽ 7.5 % ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തിയിരുന്നത് ടാക്സ് പ്രൊവിഷന് വേണ്ടിയായിരുന്നു. ജി.എസ്.ടി നിലവിൽ വന്നതിനാൽ വാറ്റ് അടവാക്കേണ്ടതില്ലാത്തതിനാൽ 5 % തുക കുറവ് വരുത്തിത്തന്നെയാണ് കൺവീനർമാർക്ക് ഫൈനൽ ബിൽ നൽകേണ്ടത്. ആയതിനാൽ അധികം നൽകിയ 66781 രൂപ ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-15 മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് കോമ്പൗണ്ട് വാൾ,ഗേറ്റ് എന്നിവ നവികരണം - GST അധികം നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് കോമ്പൗണ്ട് വാൾ, ഗേറ്റ് എന്നിവ നവികരണം എന്ന പദ്ധതിക്കായി (പ്രൊജക്ട് നം.266/21) 18% GST ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. നോട്ടിഫിക്കേഷൻ നം. 24/2017 Integrated Tax (Rate) തി.21.9.2017 പ്രകാരം വാണിജ്യ, വ്യവസായ കെട്ടിട നിർമ്മിതിക്കാണ് 18% GST ബാധകമാക്കിയിട്ടുള്ളത്. ചുറ്റുമതിൽ നവീകരണത്തിന് 12% GST ആണ് ബാധകം എന്നിരിക്കെ തുക അധികം നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് കോമ്പൗണ്ട് വാൾ, ഗേറ്റ് എന്നിവ നവികരണം<br>ബിൽ നം.49/12.11.20 തുക 449870<br>അളവ് പുസ്തകം 90/19-20<br>കരാറുകാരൻ ലുഖ്മാൻ<br>ഫണ്ട്-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>Cost Index 31.06% | ആകെ മൂല്യ നിർണ്ണയം-211830<br>18% GST -38129<br>-------------------------------------<br>249959 | ആകെ മൂല്യ നിർണ്ണയം-211830<br>12% GST - 25420<br>-------------------------------------<br>237250 | 12709 |

തുക അധികം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.11/17.5.2022 ന് മറുപടി ലഭ്യമാക്കിയില്ല. തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ, സാങ്കേതിക അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-16 IKM വിഹിതം:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണം നടത്തിയ IKM വിഹിതം അടവാക്കൽ എന്ന പദ്ധതിയുടെ (പ്രൊജക്ട് നം.2/21) ഭാഗമായി ബിൽ റെഫറൻസ് നം.20150152000500253249 തിയ്യതി 12.06.2020 പ്രകാരം 71,278 രൂപ (പ്ലാൻ ഫണ്ട്) ഇൻഫോമേഷൻ

കേരള മിഷൻ തിരുവനന്തപുരം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നല്കുകയും ആയതിന്റെ രസീതി (21857/5.8.2020) സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 71,278 രൂപ തടസത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 4/13.5.2022)

## 1-17 ലൈബ്രറി സെസ്:രശീതി ലഭ്യമാക്കേണ്ടതാണ്

വൗച്ചർ നം.22000608 തിയ്യതി-23.11.2020 പ്രകാരം 46454 രൂപയും വൗച്ചർ നം.22000151 തിയ്യതി-15.06.2020 പ്രകാരം 136660/-രൂപയും (തനതു ഫണ്ട്) ലൈബ്രറി സെസ് അടവാക്കിയ ഇനത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ രശീതി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 183114 രൂപ തടസത്തിൽ വെക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/17.05.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 ജി.എസ്.ടി-ടി.ഡി.എസ് കുറവ് വരുത്തിയില്ല

| | |
|---|---|
| പദ്ധതിയുടെ പേരും പ്രൊജക്ട് നമ്പറും | അങ്കണവാടി പൂരക പോഷകാഹാരം (23/20-21) |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 4270182/-രൂപ |
| ചെലവ് | 2500000/-(വികസന ഫണ്ട്)<br>1200000/-(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>570182/-(തനത് ഫണ്ട്)<br>4270182<br>======== |

വിവിധ അങ്കണവാടികൾക്ക് പൂരക പോഷകാഹാരം (അമൃതം ന്യൂട്രിമിക്സ്) വിതരണം ചെയ്യാനായി പുലരി ന്യൂട്രിമിക്സ്, വലിയ പറമ്പ്, പുളിക്കൽ, കൊണ്ടോട്ടി, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം 2333730/-രൂപയുടെ പോഷകാഹാരം വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നം. | തൂക്കം | യൂണിറ്റ് പ്രൈസ് | ആകെ | കടത്തുകൂലി | ജി.എസ്.ടി | എസ്.ജി.എസ്.ടി. | ആകെ | ബിൽ നം. / തിയ്യതി |
|---|---|---|---|---|---|---|---|---|
| 33/15.03.20 | 2535 | 70 | 177450 | 1267.50 | 4436.25 | 4436.25 | 187590 | 690638/- (1/15.06.20) |
| 2/15.04.20 | 2100 | 70 | 147000 | 1050 | 3675 | 3675 | 155400 | |
| 30/18.02.20 | 2490 | 70 | 174300 | 1245 | 4357.50 | 4357.50 | 184260 | 377221/- (2/15.06.20) |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4/15.05.20 | 2530 | 70 | 177100 | 1265 | 4427.20 | 4427.50 | 187220 | 365930/- (3/27.06.20) |
| 6/12.06.20 | 2415 | 70 | 169050 | 1207.50 | 4226.50 | 4226.50 | 178710 | |
| 8/11.07.20 | 2508 | 70 | 175560 | 1254 | 4384 | 4384 | 185592 | 608588/- (4/22.07.20) |
| 10/15.08.20 | 2715 | 70 | 190050 | 1357.50 | 4751.25 | 4751.25 | 200910 | 200910/- (5/15.09.20) |
| 12/10.09.20 | 2655 | 70 | 185850 | 1327.50 | 4646.25 | 4646.25 | 196470 | 212582/- (6/23.10.20) |
| 14/10.10.10 | 2826 | 70 | 197820 | 1413 | 4945.50 | 4945.50 | 209124 | 209124 (Vr.No.22000668/ 29.12.20) |
| 16/16.11.20 | 2685 | 70 | 187950 | 1342.50 | 4698.75 | 4698.75 | 198690 | 241980/- (Vr.N0. 22000713/ 13.01.21) |
| 17/30.11.20 | 585 | 70 | 40950 | 292.50 | 1023.75 | 1023.75 | 43290 | |
| 19/28.12.20 | 2440 | 70 | 170800 | 1220 | 4270 | 4270 | 180560 | 171652/- (Vr.No. 22000865/ 20.02.210 8908/- (Vr.No. 22000866/ 20.02.21) |
| 21/27.01.21 | 2290 | 70 | 160300 | 1145 | 4007.50 | 4007.50 | 169460 | 165560/- (Vr.No. 22000961/ 09.03.21 (ബിൽ തുക പൂർണ്ണമായും നല്കിയിട്ടില്ല) |
| 23/25.02.21 | 2565 | 70 | 179550 | 1282.50 | 4488.75 | 4488.75 | 189810 | |
| | | | 2333730 | | | | | |

കേന്ദ്ര സർക്കാറിന്റെ 50/2018 തി. 13.9.2018 പ്രകാരമുള്ള നോട്ടിഫിക്കേഷനിൽ 1.10.2018 മുതൽ 2,50,000 രൂപക്ക് മുകളിലുള്ള ബില്ലുകളിൽ നിന്ന് 2 ശതമാനം നിരക്കിൽ TDS കുറവ് ചെയ്യേണ്ടതുണ്ടെന്നും ആയത് ബിൽ പിൻവലിക്കുന്ന ഉദ്യോഗസ്ഥന്റെ ബാധ്യതയാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സർക്കുലർ നം ഡി.എ 1/87/2019 തി.8.9.20 പ്രകാരം എല്ലാ ഡി.ഡി.ഒ മാരും GST TDS (Tax Deductor) എടുക്കേണ്ടതാണെന്ന നിർദ്ദേശവുമുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ GST രജിസ്ട്രേഷൻ എടുക്കുകയോ TDS ഈടാക്കുകയോ ചെയ്തിട്ടില്ല. അപാകതക്ക് വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം.3/13.5.2022 ന ലഭ്യമാക്കിയ മറുപടിയിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് TDS ബാധകമായിരിക്കില്ലെന്ന ധാരണയിലാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും, സ്ഥാപനം GST അടവാക്കിയെന്ന യഥാസമയം ഉറപ്പ വരുത്തിയിരുന്ന എന്നും, നിലവിൽ (2021-22 വർഷം മുതൽ) GST രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കി. അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-18-1 ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല

താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം പിൻവലിച്ച തുകയിൽ 1913529/-രൂപയിൽ ശ്രീ. അസൈനാർ.പി., പള്ളിയാലിത്തൊടി വീട്, രാമപുരം എന്ന വ്യക്തിയ്ക്ക് പൊൻമള മാവേലി സ്റ്റോറിൽ നിന്നും വാങ്ങിയ പലവ്യഞ്ജനങ്ങൾ വിവിധ അങ്കണവാടികൾക്ക് വിതരണം ചെയ്തതിന് കിലോയ്ക്ക് 1.90/-രൂപ പ്രകാരം 34397/-കിലോ വിതരണം ചെയ്തതിന് 65354/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. ശ്രീ. അസൈനാർക്ക് നല്കിയ തുകയുടെ വിവരങ്ങൾ താഴെനല്കുന്നു.

| ക്രമ നം. | തുക,ട്രഷറി ബിൽ നം. തിയ്യതി | നിർവ്വഹണോദ്യോഗസ്ഥൻ പിൻവലിച്ച തുക | ശ്രീ. അസൈനാർക്ക് നല്കിയ തുക |
|---|---|---|---|
| 01 | 1/15.06.20 | 690638 | 6812കിലോXരൂപ 1.90=12943 |
| 02 | 2/15.06.20 | 377221 | 1930കിലോXകിലോ1.90=3667 |
| 03 | 4/22.07.20 | 608588 | 6995കിലോXകിലോ1.90=13290 |
| 04 | 6/23.10.20 | 212582 | 8480കിലോXകിലോ1.90=16112 |
| 05 | 10/10.03.21 | 24500 | 10180കിലോXകിലോ1.90=19342 |
| | ആകെ | 1913529 | 34397കിലോXകിലോ1.90=65354 |

പലവ്യഞ്ജനങ്ങൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ, ശ്രീ. അസൈനാർക്ക് വിതരണ ചുമതല നല്കിയതിന് പഞ്ചായത്ത് തീരുമാനം എന്നിവ ഫയലിൽ ഇല്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 8/16.05.22)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ/വിശദീകരണം ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 65354 രൂപ തടസ്സം ചെയ്യുന്നു.

## 1-19 അഥിതി തൊഴിലാളികൾക്ക് ഭക്ഷണം:തുക തനത് ഫണ്ടിലേക്ക് റീക്കുപ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്

വൗച്ചർ നം. 22000027 തിയ്യതി 15.4.2020 പ്രകാരം 100340 രൂപ കുടുംബശ്രീ കാന്റീൻ വഴി അഥിതി തൊഴിലാളികൾക്ക് ഭക്ഷണം നല്കിയ ഇനത്തിൽ സി ഡി എസ് ചെയർ പേഴ്സണ നല്കിയിട്ടുണ്ട്.

കളക്ടറേറ്റിൽ നിന്നും അനുവദിക്കുന്ന മുറക്ക് മേൽ തുക തനത് ഫണ്ടിലേക്ക് റീക്കുപ് ചെയ്യാൻ 13.4.2020 ൽ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനം (നം. 1) എടുത്തിട്ടുള്ളതാണ്. ആയത് പ്രകാരം നടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനു ഹജരാക്കിയ ഫയലിൽ ലഭ്യമല്ലാത്തതിനെ തുടർന്ന് വിശദാംശം ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണം നം.1/11.5.2022 ന ലഭ്യമാക്കിയ മറുപടിയിൽ, ചെലവു തുക ബഹു. ഡി.ഡി.എം.എ (District Disastress Management Authority) യിൽ നിന്നും തിരികെ ലഭ്യമാകുമെന്ന് അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് ആദ്യം തിരൂർ താലൂക്ക് ഓഫീസ് മുഖേന സമർപ്പിക്കപ്പെട്ട അപേക്ഷ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന പുന:സമർപ്പിക്കുന്നതിനായി മടക്കിയതിന്റെ അടിസ്ഥാനത്തിൽ വീണ്ടും സമർപ്പിക്കുകയുണ്ടായെങ്കിലും തുക നാളിതു വരെ അനുവദിക്കപ്പെടുകയുണ്ടായില്ലെന്നും, റീക്കുപ്പ്

ചെയ്യാനായി ഡി.ഡി.എം.എ മുമ്പാകെ അപേക്ഷ വീണ്ടും സമർപ്പിക്കുന്നതാണെന്നും അറിയിച്ചു. പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചെലവു തുക 1,00,340 തടസത്തിൽ വെക്കുന്നു.

## 1-20 കമ്പ്യൂട്ടർ വാങ്ങൽ- തുക അധികം നൽകി

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായ "പി.എച്ച്.സി. സബ് സെന്ററുകളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ" എന്ന പദ്ധതി (89/2020-21) പ്രകാരം മെയിന്റൻസ് ഫണ്ടിൽ നിന്നും 120402 രൂപ (ബിൽ നം.6/2020-21, 20-03-2021) Keltron ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 30.11.2021 ലെ ITP/08801/21-22 നമ്പർ ഇൻവോയ്സ് പ്രകാരം 3 കമ്പ്യൂട്ടറുകൾ വാങ്ങിയത് 119391 രൂപക്കാണ്. അധികം അടവാക്കിയ 1011 രൂപ തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (12/18.5.2022)ക്ക് നൽകിയ മറുപടിയിൽ അധികം അടവാക്കിയ 1011 രൂപ തിരികെ ഈടാക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. അധികം അടവാക്കിയ 1011 രൂപ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | ICDP സബ് സെന്റർ, പൊന്മള | 2020-21 ഒന്ന്, രണ്ട് |
| 2. | പോസ്റ്റ് ഓഫീസ്, ചെങ്ങോട്ടൂർ | 2020-21 രണ്ടാം |
| 3. | ഗ്രേസ് വാലി പബ്ലിക് സ്കൂൾ, | 2020-21 രണ്ടാം |
| 4. | ടിപ് ടോപ്പ് ഫർണീച്ചർ, ചാപ്പനങ്ങാടി | 2020-21 രണ്ടാം |
| 5. | ദുർഗാസ് വിദ്യാനികേതൻ ഇംഗ്ലീഷ് സ്കൂൾ, തോട്ടപ്പായ | 2020-21 രണ്ടാം |
| 6. | സാദിയ വുഡ് ഇൻഡസ്ട്രീസ്, വട്ടപ്പറമ്പ് | 2020-21 രണ്ടാം |
| 7. | ഹാപ്പി ലാന്റ് ബേക്കറി, നെല്ലോളിപ്പറമ്പ് | 2020-21 രണ്ടാം |
| 8. | മന്തി ഹട്ട് മാന്തർ | 2020-21 രണ്ടാം |
| 9. | മന്തി ഹട്ട്, ചട്ടിപ്പറമ്പ് | 2020-21 രണ്ടാം |
| 10. | കോട്ടക്കൽ ഗ്യാസ് ഏജൻസീസ്, ചൂന്തർ | 2020-21 ഒന്നാം |
| 11. | സുഹറ സോമിൽ, പറങ്കിമൂച്ചിക്കൽ | 2020-21 രണ്ടാം |
| 12. | സ്റ്റീൽ റൂഫിങ് കൺസ്ട്രക്ഷൻസ് | 2020-21 ഒന്നാം |
| 13. | പെർഫക്ട് എഞ്ചിനീയറിങ് ഇൻഡസ്ട്രീസ് | 2020-21 രണ്ടാം |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/17-05-21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് നിർവ്വഹണം -കൺവീനർമാർക്ക് അധിക തുക നൽകി.

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകിയപ്പോൾ ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 5% തുക മുഴുവനായും കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് വഴി ഗ്രാമ പഞ്ചായത്തിന് 66781 രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികമായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ് ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്. ഇത്തരത്തിൽ ഗുണഭോക്തൃ സമിതിക്ക് അന്യായമായി തുക അനുവദിക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 5% തുക ഒഴിവാക്കിയാണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. ഈ ഇനത്തിൽ അധികം നൽകിയ തുക ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്ന് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | ബാക്കി |
|---|---|---|---|---|
| ചാപ്പനങ്ങാടി GMLPS -Toilet നിർമ്മാണം (207/21)<br><br>ബിൽ നം.101/28.3.21 തുക 449870 അളവ് പുസ്തകം 125/19-20 കൺവീനർ ശ്രീമതി.സരിത സി.പി ഫണ്ട് -ധനകാര്യ കമ്മീഷൻ ഗ്രാന്റ് Cost Index 31.06% | 401670 | 20083 (5%) | 0 | 18682 |
| ചാപ്പനങ്ങാടി GMLPS ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ(120/21)<br><br>ബിൽ നം.61/15.221 തുക 298565 അളവ് പുസ്തകം 85/19-20 കൺവീനർ ശ്രീമതി.സരിത സി.പി ഫണ്ട് -മെയിന്റനൻസ് ഗ്രാന്റ് (നോൺ- | 266576 | 13328 (5%) | 0 | 12398 |

| | | | | |
|---|---|---|---|---|
| റോഡ്) Cost Index 31.06% | | | | |
| അംഗൻവാടികൾക്ക് കുടിവെള്ള അനുബന്ധ സൗകര്യങ്ങൾ((236/21)<br><br>ബിൽ നം.50/12.11.20 തുക 859702 അളവ് പുസ്തകം 81/19-20 കൺവീനർ ശ്രീമതി .ലതിക.കെ ഫണ്ട് -ധനകാര്യ കമ്മീഷൻ ഗ്രാന്റ് Cost Index 31.06% | 767591 | 38380 (5%) | 0 | 35701 |

തുക ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 5/13.5.22 ന് IT 2% വും Kcwwf 1% GST ഇനത്തിൽ 2% പിടിച്ചിട്ടുണ്ടെന്നും GST മുഴുവൻ തുകയും അടവാക്കിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുൻപുള്ള DSR പ്രകാരമുള്ള എസ്റ്റിമേറ്റുകളിൽ 7.5 % ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തിയിരുന്നത് ടാക്സ് പ്രൊവിഷന് വേണ്ടിയായിരുന്നു. ജി.എസ്.ടി നിലവിൽ വന്നതിനാൽ വാറ്റ് അടവാക്കേണ്ടതില്ലാത്തതിനാൽ 5 % തുക കുറവ് വരുത്തിത്തന്നെയാണ് കൺവീനർമാർക്ക് ഫൈനൽ ബിൽ നൽകേണ്ടത്. ആയതിനാൽ അധികം നൽകിയ 66781 രൂപ ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോമ്പൗണ്ട് വാൾ,ഗേറ്റ് എന്നിവ നവികരണം GST അധികം നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോമ്പൗണ്ട് വാൾ, ഗേറ്റ് എന്നിവ നവീകരണം എന്ന പദ്ധതിക്കായി (പ്രൊജക്ട് നം.266/21) 18% GST ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. നോട്ടിഫിക്കേഷൻ നം. 24/2017 Integrated Tax (Rate) തി.21.9.2017 പ്രകാരം വാണിജ്യ, വ്യവസായ കെട്ടിട നിർമ്മിതിക്കാണ് 18% GST ബാധകമാക്കിയിട്ടുള്ളത്. ചുറ്റുമതിൽ നവീകരണത്തിന് 12% GST ആണ് ബാധകം എന്നിരിക്കെ തുക അധികം നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോമ്പൗണ്ട് വാൾ, ഗേറ്റ് എന്നിവ നവികരണം<br>ബിൽ നം.49/12.11.20 തുക 449870<br>അളവ് പുസ്തകം 90/19-20<br>കരാറുകാരൻ ലുഖ്മാൻ<br>ഫണ്ട് -ധനകാര്യ കമ്മീഷൻ ഗ്രാന്റ് Cost Index 31.06% | ആകെ മൂല്യ നിർണ്ണയം-211830<br>18% GST -38129<br>-------------------------------------<br>249959 | ആകെ മൂല്യ നിർണ്ണയം-211830<br>12% GST - 25420<br>-------------------------------------<br>237250 | 12709 |

തുക അധികം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.11/17.5.2022 ന് മറുപടി ലഭ്യമാക്കിയില്ല. തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ, സാങ്കേതിക അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 350000 | 22/2020-21 ഭിന്ന ശേഷി സ്കോളർഷിപ്പ് | 350000 | 0 |
| | 96000 | 33/2020-21 പച്ചക്കറി കൃഷി വികസനം | 96000 | 0 |
| | 255000 | 30/2020-21 നെൽ കൃഷി വികസനം | 255000 | 0 |
| ആകെ | 701000 | | 701000 | 0 |
| ജില്ലാ പഞ്ചായത്ത് | 600000 | 22/2020-21 ഭിന്ന ശേഷി സ്കോളർഷിപ്പ് | 600000 | 0 |
| ആകെ | 600000 | | 600000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ. എസ്. ഇ. ബി | 09/2020-21 | 2015015200050034 6425 Dt.14.07.2020 20150152000500718651 Dt.11.11.2020 | 191906 | 191906 | പൂർത്തീകരിച്ച | ഇല്ല |
| | 64/2020-21 | 2015015200050099226 Dt.07.11.2020 | 103970 | 103970 | പൂർത്തീകരിച്ച | ഇല്ല |
| | | ആകെ | 295876 | 295876 | | |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 2424/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2015-16 | ഭാഗം-3 ഖണ്ഡിക 3-1 | 606 | നഫീസ മൂച്ചിക്കാടൻ | 120010100336/29.05.2020 |
| 2015-16 | ഭാഗം-3 ഖണ്ഡിക 3-1 | 606 | ഷൗക്കത്തലി കടക്കാടൻ | 120010101434/19.08.2020 |
| 2015-16 | ഭാഗം-3 ഖണ്ഡിക 3-1 | 606 | കുഞ്ഞാലി പൂന്തിരുത്തി | 120010101435/19.08.2020 |
| 2015-16 | ഭാഗം-3 ഖണ്ഡിക 3-1 | 606 | രായീൻകുട്ടി പരവേങ്ങൽ | 120010103234/17.11.2020 |
| ആകെ | | 2424 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1998-99 | 48 | 2002-03 | Vii 10(8-1) | പണി പൂർത്തീകരിയ്ക്കാത്തതു സംബന്ധിച്ച് | നടപടി തുടർന്ന് വരുന്നു |
| 1999-00 | 56 | 2003-04 | 3.10.9 | തേമ്പറമ്പ് ശുദ്ധജല പദ്ധതയിൽ ക്രമക്കേടുകൾ | |
| 1999-00 | 57 | 2003-04 | പൊതു പരാമർശം | വനിതാ വ്യവസായ യൂണിറ്റ് | |
| 2011-12,12-13 | 3(1) | 2014-15 | | നിഷ്ക്രിയാസ്തി | |
| 2014-15 | 2-1,2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നടപടിതുടരുന്നു. |
| 2015-16 | 2-6,2-7,2-8,2-9 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നടപടിതുടരുന്നു. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1998-99 | 49(4), 49(5) | ശ്രീ ബദറുദ്ദീൻ | LF 16429/ Spl.cell/ SC5/06 10.6.08/ 21.6.08 | 20471/- | 20471 Rt No: 8021/ 60/19 .2.11) | -- | -- | -- | 20471 | 0 |
| 2 | 1999-2000 | 56 | ശ്രീ ബദറുദ്ദീൻ | LF 20104/ Spl.cell/ SC5/05 17.8.09/ 19.8.00 | 280824 | | -- | -- | -- | 0 | 259653 (തുക 259653 എന്ന് കാണുന്നു) |
| 3 | 2006-07 | 3(6) | ശ്രീ. മുഹമ്മദ് അൻവർ | LF 15673/ Spl.cell/ SC5/09 23.06.2010 | | | | | 26050 | | |
| 4 | 2008-09 | 3-9 | ശ്രീ. സുൾഫിക്കർ. എൻ അസി എഞ്ചിനീയർ | LF 23905/ Spl.cell/ SCD1/11 19.10.12 | 4981 | 4981 Rt 112011024 18/30.1.13) | | | | 4981 | 0 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76935957 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70246842 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 79490 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 420086 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 66781 | ശ്രീമതി. സജ്ന എം.എസ് , അസി.എഞ്ചിനീയർ |
| 3-2 | | 12709 | 6354.50 ശ്രീമതി. സജ്ന എം.എസ്, അസി.എഞ്ചിനീയർ |
| | | | 6354.50 ശ്രീ.അനിൽ ദാസ്, അസി. എക്സിക്യൂട്ടീവ് എൻഞ്ചിനിയർ |
| | ആകെ | 79490 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 71,278 | ശ്രീ. ചെറിയാൻ ജോർജ്, സെക്രട്ടറി |
| 1-17 | 183114 | ശ്രീ. ചെറിയാൻ ജോർജ്, സെക്രട്ടറി |

| | | |
|---|---|---|
| 1-18(1) | 65354 | ശ്രീമതി.ബിന്ദു അശോകൻ, ICDS Supervisor - 46012<br>ശ്രീമതി. റാണി.കെ, ICDS Supervisor - 19342 |
| 1-19 | 1,00,340 | ശ്രീ. ചെറിയാൻ ജോർജ്, സെക്രട്ടറി |
| ആകെ | 420086 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അസി. എക്സിക്യൂട്ടീവ് എൻഞ്ചിനിയർ | ശ്രീ.അനിൽ ദാസ്. കെ.ടി<br>മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് | പാലയംകുന്ന്<br>28-ാം മൈൽ<br>നറുകര (പി.ഒ),<br>676 921,<br>മഞ്ചേരി, മലപ്പുറം |
| ശ്രീമതി. സജ്ന എം.എസ് ,<br>അസി.എഞ്ചിനീയർ | -- | മുളയംകുടത്ത് വീട്,<br>കേച്ചേരി (പി.ഒ),<br>680 501 (പിൻ),<br>തൃശ്ശൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84 | എൽഎഫ്എം10/36/88 തിയ്യതി07.10.2010 | 3 |
| 1987-88,<br>1988-89 | എൽ എഫ് എം10/1448/95 തിയ്യതി07.10.2010 | 5 |
| 1989-90,90-91 | എൽ എഫ് എം14/503/02തിയ്യതി 07.10.2010 | 9 |
| 1992-93,93-94 | എൽ എഫ് എം7/579/96തിയ്യതി 07.10.2010 | 7 |
| 1994-95,95-96 | എൽ എഫ് എം14/506/02 തിയ്യതി 07.10.2010 | 15 |
| 1996-97 | എൽ എഫ് എം14/1199/02(1)7.10.10 | 15 |
| 1997-98 | എൽ എഫ് എം14/1199/02(2)തിയ്യതി 07.10.2010 | 18 |

| | | |
|---|---|---|
| 1998-99 | എൽ എഫ് എം17/789/05തിയ്യതി 07.10.2010 | 35 |
| 1999-00 | എൽ എഫ് എം17/785/05തിയ്യതി 07.10.2010 | 55 |
| 2000-01(ചെലവ്) | എൽ എഫ് എം8/257/07/07710.10 | 36 |
| 2001-02 | എൽ എഫ് എം8/1404/07തിയ്യതി 07.10.2010 | 14 |
| 2002-03 | എൽ എഫ് എം8/1405/07തിയ്യതി 07.10.2010 | 19 |
| 2003-04 | എൽ എഫ് എം8/1406/07തിയ്യതി 07.10.2010 | 14 |
| 2004-05 | എൽ എഫ് എം8/1407/07തിയ്യതി 07.10.2010 | 18 |
| 2005-06 | എൽ എഫ് എം8/1408/07തിയ്യതി 07.10.2010 | 9 |
| 2006-07 | എൽ എഫ് എം10/1291/0830.9.08 | 4 |
| 2007-08 | കെ എസ് എ എം പി എം 11/2474/15 തിയ്യതി28.11.2015 | 7 |
| 2008-09 | കെ എസ് എ എം പി എം 16/2875/2018 തിയ്യതി 17.01.2019 | 14 |
| 2009-10, 2010-11 | കെ എസ് എ എം പി എം 16/627/2019 തിയ്യതി 03.11.22 | 12 |
| 2011-12, 2012-13 | കെ എസ് എ എം പി എം11/371/18 തിയ്യതി 22.03.2019 | 6 |
| 2013-14, 2014-15 | കെ എസ് എ എം പി എം 16/2875/2018 തിയ്യതി 17.01.2019 | 24 |
| 2015-16 | കെ എസ് എ എം പി എം/26/3272/16 തിയ്യതി17.02.2018 | 21 |
| 2016-17 | കെ എസ് എ എം പി എം 16/1738/17 തിയ്യതി 07.05.2018 | 9 |
| 2017-18 | കെ എസ് എ എം പി എം 16/2611/18 തിയ്യതി 29.11.2018 | 13 |
| 2018-19 | കെ എസ് എ എം പി എം 16/207/2020 തിയതി 09-03-2020 | 23 |
| 2019-20 | കെ എസ് എ എം പി എം 16/908/2021 തിയതി 21.01.2022 | 05 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

എൽ. 6/22

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്